# ദൂത് 4: ഉത്തമഗീതത്തിന്റെ അന്തഃസ്ഥിതമായ പ്രാധാന്യമനുസരിച്ച് കർത്താവിനുവേണ്ടിയുള്ള നമ്മുടെ സ്നേഹം നിലനിർത്തിക്കൊണ്ട് കർത്താവിന്റെ പ്രത്യക്ഷതയെ സ്നേഹിക്കുക

## I. ഒരു കാവ്യമായ ഉത്തമഗീതത്തിന്റെ വിഷയം, ആറ് പ്രധാന ഘട്ടങ്ങളിലായി തന്റെ മണവാട്ടിയെ ഒരുക്കുന്നതിനുവേണ്ടി ഒരു വ്യക്തിഗത വിശ്വാസിയുടെ ക്രിസ്തുവുമായുള്ള സ്നേഹപൂർവമായ കൂട്ടായ്മയുടെ പുരോഗമനപരമായ അനുഭവത്തെ വെളിപ്പെടുത്തുന്ന ഒരു വിശിഷ്ട ദാമ്പത്യത്തിലെ സ്നേഹത്തിന്റെ ചരിത്രമാണ്

- ഉത്തമഗീതത്തിന്റെ ആദ്യ ഘട്ടത്തിൽ, ക്രിസ്തുവിന്റെ പ്രണയിനി സംതൃപ്തിക്കായി അവനെ പിന്തുടരുവാൻ വലിക്കപ്പെടുന്നു; തന്റെ അന്വേഷകയ്ക്ക് തന്നോട് വ്യക്തിപരവും, വാത്സല്യപൂർണവും, സ്വകാര്യവും, ആത്മികവുമായ ഒരു ബന്ധം ഉണ്ടായിരിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. [S.S. 1:2-4] അവൻ തന്റെ അധരങ്ങളാൽ എന്നെ ചുംബിക്കട്ടെ; നിന്റെ പ്രേമം വീഞ്ഞിലും രസകരമാകുന്നു. നിന്റെ തൈലം സൌരഭ്യമായതു; നിന്റെ നാമം പകർന്ന തൈലംപോലെ ഇരിക്കുന്നു; അതുകൊണ്ടു കന്യകമാർ നിന്നെ സ്നേഹിക്കുന്നു. നിന്റെ പിന്നാലെ എന്നെ വലിക്ക; നാം ഓടിപ്പോക;...

- ഉത്തമഗീതങ്ങളുടെ രണ്ടാമത്തെ ഘട്ടത്തിൽ, ക്രിസ്തുവിന്റെ ക്രൂശുമായുള്ള അവളുടെ ഒരുമയിലൂടെ സ്വയത്തിൽനിന്നും വിടവിക്കപ്പെടുവാൻ ക്രിസ്തുവിന്റെ പ്രണയിനി വിളിക്കപ്പെടുന്നു. ഉത്തമഗീതം 2:8-9 പുനരുത്ഥാനത്തിന്റെ ചൈതന്യത്തെക്കുറിച്ച് സംസാരിക്കുന്നു; ഈ വാക്യങ്ങളിൽ ക്രിസ്തുവിനെ "മലകളിന്മേൽ ചാടുകയും കുന്നുകളിന്മേൽ കുതിക്കുകയും" ചെയ്യുന്ന ഒരു കലമാനിനോട് അഥവാ ഒരു ഇളമാനിനോട് ഉപമിച്ചിരിക്കുന്നു"; മലകളും കുന്നുകളും പ്രയാസങ്ങളെയും തടസ്സങ്ങളെയും സൂചിപ്പിക്കുന്നു, എന്നാൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ തടയുവാൻ കഴിയുന്നത്ര വലിയ ഉയരമോ വളരെ വലുതോ ആയ ഒന്നുമില്ല; മലകൾ-ചാടുകയും കുന്നുകളിൽ കുതിക്കുന്നവനുമായ ക്രിസ്തുവിന്റെ സാന്നിധ്യം നാം അന്വേഷിക്കുകയും അറിയുകയും വേണം. ക്രിസ്തുവിന്റെ പ്രണയിനി സ്വയ-പരിശോധനയിൽ വീഴുന്നു, അത് ക്രിസ്തുവിന്റെ സാന്നിധ്യത്തിൽനിന്നും അവളെ അകറ്റി നിർത്തുന്ന ഒരു മതിലായ ഒരു ഏകാന്തതയായിത്തീരുന്നു, തന്മൂലം, തന്നോടുകൂടെ ആയിരിക്കുവാൻ അവൾ എഴുന്നേൽക്കുവാനും അവളുടെ താഴ്ന്ന അവസ്ഥയിൽനിന്ന് പുറത്തുവരുവാനും ക്രിസ്തു അവളെ പ്രോത്സാഹിപ്പിക്കുന്നു. നമ്മുടെ ഇഴുകിച്ചേർന്ന ആത്മാവിൽ ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ നാം പങ്കുചേരുകയും അതിനെ അനുഭവമാക്കുകയും ചെയ്യുന്നു, അത് സ്വയത്തിൽനിന്നും വിടുവിക്കപ്പെടുവാൻ ക്രൂശുമായി ഒന്നായിരിക്കുവാനും ക്രിസ്തുവിന്റെ ജൈവിക ശരീരത്തിന്റെ കെട്ടുപണിയിൽ ദൈവത്തിന്റെ വ്യവസ്ഥയുടെ നിറവേറലിനുവേണ്ടി ദൈവത്തിന്റെ പുതിയ സൃഷ്ടിയിൽ ഒരു പുതുമനുഷ്യനായി രൂപാന്തരപ്പെടുവാനും നമ്മെ പ്രാപ്തരാക്കുന്നു. [S.S. 2:8-9] അതാ, എന്റെ പ്രിയന്റെ സ്വരം! അവൻ മലകളിന്മേൽ ചാടിയും കുന്നുകളിന്മേൽ കുതിച്ചുംകൊണ്ടു വരുന്നു. എന്റെ പ്രിയൻ ചെറുമാനിന്നും കലകൂട്ടിക്കും തുല്യൻ; ഇതാ, അവൻ നമ്മുടെ മതില്ക്കു പുറമേ നില്ക്കുന്നു; അവൻ കിളിവാതിലൂടെ നോക്കുന്നു; അഴിക്കിടയിൽകൂടി ഉളിഞ്ഞുനോക്കുന്നു.

- ഉത്തമഗീതത്തിന്റെ മൂന്നാമത്തെ ഘട്ടത്തിൽ, ക്രിസ്തുവിന്റെ പ്രണയിനി പുനരുത്ഥാനത്തിൽ പുതിയ സൃഷ്ടിയായി ആരോഹണത്തിൽ ജീവിക്കുവാൻ വിളിക്കപ്പെടുന്നു. ആരോഹണത്തിൽ ജീവിക്കുന്നത് നമ്മുടെ ആത്മാവിൽ തുടർച്ചയായി ജീവിക്കുന്നതാണ്; നമ്മുടെ ആത്മാവിൽ നാം ജീവിക്കുമ്പോൾ, നാം സ്വർഗത്തിലുള്ള ആരോഹണംചെയ്ത ക്രിസ്തുവിനോട് നാം ചേർക്കപ്പെടുന്നു. നമ്മിൽ ആത്മാവിന്റെ രൂപാന്തരപ്പെടുത്തുന്ന വേലയാൽ, നാം ക്രിസ്തുവിന്റെ ശരീരത്തിലും ശരീരത്തിനുവേണ്ടിയും ക്രിസ്തുവിന്റെ നീക്കത്തിനുവേണ്ടിയുള്ള ക്രിസ്തുവിന്റെ ചലിക്കുന്ന പാത്രം, ക്രിസ്തുവിന്റെ വാഹനം, ക്രിസ്തുവിന്റെ "കാർ," ആയിത്തീരുന്നു. ക്രിസ്തുവിന്റെ പ്രണയിനിക്ക് ക്രിസ്തുവിന്റെ സ്വകാര്യ ആസ്വാദനത്തിനു വേണ്ടിയുള്ള ഒരു പൂന്തോട്ടമായിത്തീരുവാൻ കഴിയത്തക്കവണ്ണം, പുനരുത്ഥാനത്തിലുള്ള പുതിയ സൃഷ്ടിയെന്ന നിലയിൽ ക്രിസ്തുവിന്റെ ആരോഹണത്തിലുള്ള അവളുടെ ജീവിതത്തിലൂടെ, അവൾ ക്രിസ്തുവിന്റെ ജീവന്റെ സമ്പന്നതയിൽ പക്വത ഉള്ളവളായിത്തീരുന്നു; ഏത് സാഹചര്യത്തിലും അഥവാ പരിതസ്ഥിതിയിലും ക്രിസ്തുവിന്റെ സുഗന്ധം പരത്തുവാൻ അവൾ ഒരുക്കമാണ്. [S.S. 3:9-10] ശലോമോൻ രാജാവു ലെബാനോനിലെ മരം കൊണ്ടു തനിക്കു ഒരു പല്ലക്കു ഉണ്ടാക്കി. അതിന്റെ മേക്കട്ടിക്കാൽ അവൻ വെള്ളികൊണ്ടും ചാരു പൊന്നുകൊണ്ടും ഇരിപ്പിടം രക്താംബരംകൊണ്ടും ഉണ്ടാക്കി; അതിന്റെ അന്തർഭാഗം യെരൂശലേംപുത്രിമാരുടെ പ്രേമംകൊണ്ടു വിചിത്രഖചിതമായിരിക്കുന്നു.

- ഉത്തമഗീതങ്ങളുടെ നാലാമത്തെ ഘട്ടത്തിൽ, പുനരുത്ഥാനത്തിനുശേഷം ക്രൂശിലൂടെ തിരശ്ശീലയ്ക്കുള്ളിൽ ജീവിക്കുവാൻ ക്രിസ്തുവിന്റെ പ്രണയിനി കൂടുതൽ ശക്തമായി വിളിക്കപ്പെടുന്നു. തിരശ്ശീലയ്ക്കുള്ളിൽ ജീവിക്കുന്നതിലൂടെ, ക്രിസ്തുവിന്റെ പ്രണയിനി ജ്യോതിർഗോളങ്ങളായി രൂപാന്തരപ്പെടുന്നു; അവൾ അരുണോദയംപോലെ കാണപ്പെടുന്നു; കൂടാതെ അവൾ ചന്ദ്രനെപ്പോലെ സൗന്ദര്യമുള്ളവളും, അവൾ സൂര്യനെപ്പോലെ നിർമ്മലയും ആണ്. ക്രിസ്തുവിന്റെ ജീവന്റെ പക്വതയിൽ, ക്രിസ്തുവിന്റെ പ്രണയിനി ശൂലേംകാരിയായിത്തീരുന്നു (ശലോമോന്റെ സ്ത്രീരൂപം);

തങ്ങളുടെ വിവാഹത്തിനുവേണ്ടി അവനുമായി പൊരുത്തപ്പെടുന്നതിന് ക്രിസ്തുവിന്റെ പുനരുല്പാദനവും തനിപ്പകർപ്പും എന്ന നിലയിൽ അവൾ ജീവനിലും, പ്രകൃതത്തിലും ആവിഷ്കാരത്തിലും, പ്രവർത്തനത്തിലും (എന്നാൽ ദൈവത്വത്തിലല്ല) അവനെപ്പോലെ ആയിത്തീർന്നിരിക്കുന്നു എന്ന് ഇത് സൂചിപ്പിക്കുന്നു. [S.S. 7:1] മടങ്ങിവരിക, ശൂലേംകാരത്തീ, മടങ്ങിവരിക; ഞങ്ങൾ നിന്നെ ഒന്നു കണ്ടുകൊള്ളട്ടെ, മടങ്ങിവരിക, മടങ്ങിവരിക;... [2 Cor. 3:18] ..തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.

- ഉത്തമഗീതത്തിന്റെ അഞ്ചാമത്തെ ഘട്ടത്തിൽ, ക്രിസ്തുവിന്റെ പ്രണയിനി കർത്താവിന്റെ വേലയിൽ പങ്കുചേരുന്നു. ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് പരദേശയാത്ര ചെയ്തുകൊണ്ട് (ഗ്രാമങ്ങളിൽ രാപാർക്കുന്നതിലൂടെ) ക്രിസ്തുവിന്റെ പ്രണയിനി തന്റെ പ്രിയനോടുകൂടെ മുഴുവൻ ലോകത്തിനും (വയലുകൾ) വേണ്ടിയുള്ള വേല നിർവഹിക്കുവാൻ ആഗ്രഹിക്കുന്നുവെന്ന് ഉത്തമഗീതം 7:11 കാണിക്കുന്നു; ഇത് ഒരു ശരീരത്തിൽ ഒരു വേല നിലനിർത്തുന്നതാണ്. കർത്താവിന്റെ വേലയിൽ പങ്കുചേരുകയെന്നാൽ അവനോടുകൂടെ ഒരുമിച്ചു പ്രവർത്തിക്കുക എന്നാണ്; അവനോടുകൂടെ പ്രവർത്തിക്കുന്നതിന് നമുക്ക് ജീവനിൽ പക്വത ഉണ്ടായിരിക്കുകയും, അവനുമായി ഒന്നായിരിക്കുകയും, നമ്മുടെ വേല അവന്റെ ശരീരത്തിനുവേണ്ടി ആയിരിക്കുകയും വേണം. സഭകളെന്ന നിലയിൽ സകല മുന്തിരിത്തോട്ടങ്ങളെയും സർവ ഭൂമിയിലുമുള്ള വിശ്വാസികളെയും പരിപാലിച്ചുകൊണ്ട് ശൂലേംകാരി ശലോമോന്റെ നേരിണയായി പ്രവർത്തിക്കുന്നു; മുഴുവൻ ലോകത്തിനും വേണ്ടിയുള്ള ഒരു വേല നമുക്കുണ്ടായിരിക്കണം; ഇതാണ് സ്ഥലം സഭകൾ സ്ഥാപിക്കുകയും പിന്നീട് ക്രിസ്തുവിന്റെ ശരീരത്തിന്റെ പൂർണ സാക്ഷാൽക്കാരത്തിലേക്ക് അവരെ കൊണ്ടുവരുവാൻ പ്രവർത്തിക്കുകയും ചെയ്തതിലൂടെ പൗലൊസ് ചെയ്തത്. [S.S. 7:12] പ്രിയാ, വരിക; നാം വെളിംപ്രദേശത്തു പോക; നമുക്കു ഗ്രാമങ്ങളിൽ ചെന്നു രാപാർക്കാം.
  [2 Cor. 6:1a] അങ്ങനെ അവനോടുകൂടെ വേല ചെയ്തുകൊണ്ട്, ...

- ഉത്തമഗീതത്തിന്റെ ആറാമത്തെ ഘട്ടത്തിൽ, ക്രിസ്തുവിന്റെ പ്രണയിനി ഉൽപ്രാപണം പ്രാപിക്കുമെന്ന് പ്രത്യാശിക്കുന്നു; അവൾ മരുഭൂമിയിൽനിന്ന് (ഭൗമിക മണ്ഡലം) "തന്റെ പ്രിയന്റെമേൽ ചാരിക്കൊണ്ട്" കയറി വരുന്നു.അവളുടെ പ്രിയനിൽ ചാരിക്കൊണ്ട് എന്നത്, യാക്കോബിനെപ്പോലെ, അവളുടെ ഇടുപ്പിന്റെ തടം സ്പർശിക്കപ്പെട്ടുവെന്നും, അവളുടെ സ്വാഭാവിക ബലം കർത്താവിനാൽ കൈകാര്യം ചെയ്യപ്പെട്ടുവെന്നും വിവക്ഷിക്കുന്നു. അവൾ അളവിനപ്പുറം അവളെത്തന്നെ അമർത്തിയെന്ന് അവൾ കണ്ടെത്തിയെന്നും, ഇത് മരുഭൂയാത്ര കഴിയുന്നതുവരെ നീണ്ടുനിൽക്കുന്നതായി തോന്നുന്നുവെന്നും സൂചിപ്പിക്കുന്നു. തന്റെ തോട്ടങ്ങളായ വിശ്വാസികളിൽ വസിക്കുന്നവനോട് അവന്റെ ശബ്ദം കേൾപ്പിക്കുവാൻ അനുവദിക്കണമെന്ന് ക്രിസ്തുവിന്റെ പ്രണയിനി ആവശ്യപ്പെടുന്നു; നമ്മുടെ പ്രിയനായ കർത്താവിനുവേണ്ടി നാം ചെയ്യുന്ന വേലയിൽ, എല്ലായ്പോഴും അവനെ ശ്രവിച്ചുകൊണ്ട് അവനുമായുള്ള നമ്മുടെ കൂട്ടായ്മ നാം നിലനിർത്തേണ്ടതാവശ്യമാണെന്ന് ഇത് സൂചിപ്പിക്കുന്നു. [S.S. 8:5] രുഭൂമിയിൽനിന്നു തന്റെ പ്രിയന്റെ മേൽ ചാരിക്കൊണ്ടു വരുന്നോരിവൾ ആർ? ...

## II. സർവഭൂമിയെയും നിറയ്ക്കുന്ന തന്റെ മധുരകരവും സൗന്ദര്യവുമുള്ള രാജ്യം (പരിമളപർവതം) സ്ഥാപിക്കുവാൻ തന്റെ പ്രിയൻ അവന്റെ പുനരുത്ഥാനശക്തിയിൽ (കലമാനും ഇളമാനും) മടങ്ങിവരുവാൻ ധൃതികൂട്ടണമെന്ന് ഈ കാവ്യപുസ്തകത്തിന്റെ ഉപസംഹാര വാക്കെന്ന നിലയിൽ, ക്രിസ്തുവിന്റെ പ്രണയിനി പ്രാർഥിക്കുന്നു.

- വിശുദ്ധ തിരുവെഴുത്തുകളുടെ ഉപസംഹാര വാക്കെന്ന നിലയിൽ, ക്രിസ്തുവിനെയും അവന്റെ ദിവ്യ സ്നേഹത്തിലുള്ള സഭയെയും സംബന്ധിച്ച ദൈവത്തിന്റെ നിത്യ വ്യവസ്ഥ വെളിപ്പെടുത്തുന്ന ക്രിസ്തുവിന്റെ ഒരു പ്രിയനായ യോഹന്നാന്റെ പ്രാർഥനയുടെ രീതിയിൽ, തങ്ങളുടെ വിവാഹസംബന്ധമായ സ്നേഹത്തിൽ മണവാളനായ ക്രിസ്തുവും മണവാട്ടിയായ അവന്റെ പ്രണയിനിമാരും തമ്മിലുള്ള ഐക്യത്തെയും സംസർഗത്തെയും ഇങ്ങനെയുള്ള ഒരു പ്രാർഥന ചിത്രീകരിക്കുന്നു.

- “വിശ്വാസം വസ്തുതകളായിത്തീരുകയും, സ്തുതി പ്രാർഥനയ്ക്കു പകരമാകുകയും ചെയ്യും. സ്നേഹം നിഴലില്ലാത്ത ഒരു തികവിൽ പരണമിക്കുകയും, നാം പാപരഹിതമായ മണ്ഡലത്തിൽ അവനെ സേവിക്കുകയും ചെയ്യും. എന്തൊരു ദിവസമായിരിക്കും അത്! കർത്താവായ യേശുവേ, വേഗം വരണമേ!”.
  [Rev. 11:15] ..അപ്പോൾ, ലോകരാജത്വം നമ്മുടെ കർത്താവിന്റെയും അവന്റെ ക്രിസ്തുവിന്റെയും രാജത്വമായിത്തീർന്നിരിക്കുന്നു, അവൻ എന്നെന്നേക്കും വാഴും...